**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1247** **19-06-2024 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേയുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ ഹൈവേയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | ആകെ 600 കി.മീ വരുന്ന തീരദേശ ഹൈവേയുടെ 525 കി.മീ ഭാഗമാണ് കെ.ആർ.എഫ്.ബി മുഖാന്തിരം നടപ്പിലാക്കുന്നത്. ഇതിൽ 362 കി.മീ ഭാഗത്ത് സ്ഥലം ഏറ്റെടുക്കലിനുള്ള അതിരടയാള കല്ലുകൾ സ്ഥാപിച്ച് 288 കി.മീ ഭാഗത്ത് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് സാമൂഹിക ആഘാത പഠനം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 38.5 കി.മീ ഭാഗത്ത് പ്രസ്തുത പഠനം പൂർത്തിയാക്കി 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1.87 കി.മീ ഭാഗത്ത് 19(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ജില്ലാകളക്ടർമാരുടെ മേൽനോട്ടത്തിൽ അതിവേഗമാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത്. ഇതിനു പുറമേ നിർമ്മാണം ആരംഭിച്ച തൃശ്ശൂർ ജില്ലയിലെ തീരദേശ ഹൈവേയുടെ ഭാഗമായ അഴീക്കോട് മുനമ്പം പാലം പ്രവൃത്തി പുരോഗമിക്കുന്നു. മലപ്പുറം ജില്ലയിലെ മുഹിയുദ്ധീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെ 3.85 കിലോമീറ്റർ ഭാഗത്ത് പ്രവൃത്തി പൂർത്തീകരിച്ച് ഗതാഗതത്തിനായി തുറന്ന് കൊടുത്തിട്ടുണ്ട്.<br><br>തീരദേശ ഹൈവേയുടെ ഭാഗമായി മലപ്പുറം ജില്ലയിലെ Ch.0/00 മുതൽ Ch4/800 വരെയുള്ള നിർമ്മാണം ആർ.ബി.ഡി.സി.കെ യുടെ നേതൃത്വത്തിൽ ഭൂമിയേറ്റെടുക്കൽ നടപടികളിൽ ഉൾപ്പെട്ട 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ച് സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തിൽ വരുന്ന പാലക്കോട്-കുന്നരു റീച്ചിന് കിഫ്‌ബിയുടെ ധനാനുമതി ലഭിച്ചത് എപ്പോഴാണെന്ന് അറിയിക്കാമോ; | (ബി) | പയ്യന്നൂർ മണ്ഡലത്തിൽ വരുന്ന തീരദേശ ഹൈവേ പാലക്കോട് കുന്നരു റീച്ചിന് 30/10/2020 ന് 34,71,32,077/- രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. |
| (സി) | ധനാനുമതി ലഭിച്ചിട്ടും തുടർ നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി തുടങ്ങാൻ കാലതാമസം | (സി) | 2020 ഒക്ടോബറിൽ പാലക്കോട് കുന്നരു റീച്ചിന് സാമ്പത്തികാനുമതി നൽകിയെങ്കിലും പദ്ധതിക്കു |

| | | | |
|---|---|---|---|
| | നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | | വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കിയാൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. RFCTLARR ആക്ട് 2013 നിഷ്കർഷിക്കുന്ന സമയക്രമം അനുസരിച്ചാണ് സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത്. 22/12/2023 ന് സ്ഥലമേറ്റെടുക്കലിൻറെ 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിൽ സബ്ഡിവിഷൻ സർവ്വേ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| (ഡി) | നിശ്ചിത ഇടവേളകളിൽ മന്ത്രിതലത്തിൽ അവലോകനം നടത്തി പദ്ധതി എത്രയും വേഗത്തിൽ പൂർത്തീകരിക്കാൻ ആവശ്യമായ നടപടി ഉണ്ടാകുമോയെന്ന് വിശദമാക്കാമോ; | (ഡി) | മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള തീരദേശ ഹൈവേയുടെ അവലോകന യോഗം കൃത്യമായ ഇടവേളകളിൽ നടത്തുന്നുണ്ട്. ഇതിനു പുറമേ പൊതുമരാമത്തു വകുപ്പ് സെക്രട്ടറി ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ചു ചേർക്കുകയും ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ സാധ്യമാകുന്ന വേഗത്തിൽ പൂർത്തീകരിക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | പയ്യന്നൂർ മണ്ഡലത്തിൽ രണ്ടാം ഘട്ടത്തിൽ വരുന്ന കുന്നരു സിറ്റി-രണ്ടു തെങ്ങ് റീച്ചിന്റെ എസ്റ്റിമേറ്റ് ധനാനുമതിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (ഇ) | പയ്യന്നൂർ മണ്ഡലത്തിൽ വരുന്ന കുന്നരുസിറ്റി – പാണ്ട്യാലക്കടവ് (രണ്ട് തെങ്ങ്) റീച്ചിന്റെ സ്ഥലമേറ്റെടുപ്പിന് 6,50,00,000/- (ആറ് കോടി അമ്പത് ലക്ഷം) രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. നിലവിൽ അതിർത്തി കല്ലിടൽ പൂർത്തീകരിച്ച് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്ത റീച്ചിൽ സാമൂഹിക ആഘാതപഠനം നടന്നുവരുന്നു. സ്ഥലമേറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് പുതുക്കിയ സാമ്പത്തിക അനുമതി നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ